# <u>SDRF പ്രോജക്ടിന്റെ അവലോകനത്തിന് 10/04/2019 ന് ചേർന്ന</u>
# <u>Apex Committee യുടെ മിനിറ്റ്സ്</u>

Apex Committee 11.30 AM ന് ചീഫ് എഞ്ചിനിയറുടെ ചേമ്പറിൽ യോഗം ചേർന്നു.

പ്രവൃത്തികളുടെ ലിസ്റ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് SLMC പരിഗണിക്കേണ്ട കാര്യങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തി. SLMC അംഗീകരിച്ച നിശ്ചിത പ്രൊഫോർമയിൽ പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തി SLMC ക്ക് സമർപ്പിക്കണം. (പ്രൊഫോർമ ചേർക്കുന്നു). SLMC പ്രസ്തുത പ്രൊഫോർമ പരിശോധിച്ചശേഷം ഏപ്രിൽ 21-ാം തിയ്യതിക്കകം പ്രവൃത്തികളുടെ ലിസ്റ്റ് Apex Committee യ്ക്ക് സമർപ്പിക്കണം. ഇപ്രകാരമുള്ള പ്രവൃത്തികളുടെ സാങ്കേതികാനുമതി യുമായി ബന്ധപ്പെട്ട കാര്യങ്ങൾ TS Issuing Authority തന്നെ പരിശോധിച്ച് ടെണ്ടർ ചെയ്യാവുന്നതാണ്. എന്നാൽ ടെണ്ടർ ഉറപ്പിക്കുന്നതിന് മുൻപുതന്നെ പ്രവൃത്തികൾ SLMC വഴി Apex Committee യുടെ അംഗീകാരം നേടിയെടുക്കേണ്ടതുമാണ്.

ചീഫ് എഞ്ചിനിയർ (കുട്ടനാട്) ന്റെ ചോദ്യത്തിന് മറുപടിയായി കുട്ടനാട് ഭാഗത്തെ പ്രവൃത്തികളുടെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രവൃത്തികൾക്ക് കയർ ഉപയോഗിച്ചുള്ള നെറ്റ് ഉപയോഗിക്കാമെന്ന് Apex Committee തീരുമാനമെടുത്തു.

IDRB ചീഫ് എഞ്ചിനിയർ ഉന്നയിച്ച നിർദ്ദേശം കണക്കിലെടുത്ത് ഹൈഡ്രോളജി വിങിന് കീഴിൽ വെള്ളപ്പൊക്കം കൊണ്ട് നാശനഷ്ടം വന്നിട്ടുള്ള കെട്ടിടങ്ങൾ, ഉപകരണങ്ങൾ മുതലായവയിൽ National Hydrology Project ൽ പ്പെടാത്ത പ്രവൃത്തികൾ പരിഗണിക്കാമെന്ന് തീരുമാനം കൈക്കൊണ്ടു. പ്രസ്തുത പ്രവൃത്തികൾ flood monitoring - ന് അത്യാവശ്യമാണ്.

ചീഫ് എഞ്ചിനിയർ, പ്രോജക്ട്- 1, പ്രോജക്ട് 2, ഐ.ഡി.ആർ.ബി യുടെ കീഴിൽ വരുന്ന പ്രളയംമൂലം കേടുപാടുകൾ സംഭവിച്ച കനാൽ ഷട്ടറുകളുമായി

ബന്ധപ്പെട്ട മെക്കാനിക്കൽ പ്രവൃത്തികൾ SDRF ൽ നടത്തുന്നതിനായി അതാത് സൂപ്രണ്ടിംഗ് എഞ്ചിനിയർമാർ, മെക്കാനിക്കൽ ചീഫ് എഞ്ചിനിയറെ അറിയിക്കേണ്ടതാണ്.

SDRF norms പ്രകാരം അല്ലാതെ ടെണ്ടർ ചെയ്ത പ്രവൃത്തികൾ റദ്ദ് ചെയ്ത്, അപാകതകൾ പരിഹരിച്ച് റീടെണ്ടർ ചെയ്യാവുന്നതാണ്. SLMC ശുപാർശ ചെയ്ത താഴെ പറയുന്ന അടങ്കൽ തുകയ്ക്കുള്ള പ്രവൃത്തികൾ അംഗീകാരം Apex Committee നൽകി.

ചീഫ് എഞ്ചിനിയർ, പ്രൊജക്ട് 1 - 1335 ലക്ഷം
ചീഫ് എഞ്ചിനിയർ, പ്രൊജക്ട് 2 - 1614 ലക്ഷം
ചീഫ് എഞ്ചിനിയർ, ഐ.ഡി.ആർ.ബി- 13.73 ലക്ഷം
ചീഫ് എഞ്ചിനിയർ, ഐ & എ - 123 ലക്ഷം
ചീഫ് എഞ്ചിനിയർ, മെക്കാനിക്കൽ - 10.09 ലക്ഷം

അടിയന്തരസാഹചര്യം കണക്കിലെടുത്ത് SLMC ഏപ്രിൽ ~~21~~ 20-ാം തിയ്യതിക്കകം പ്രവൃത്തികൾ തീർപ്പുവരുത്തി Apex Committee - ക്ക് സമർപ്പിക്കേണ്ടതാണ്. അതിനായി ഏപ്രിൽ 11, 12, 16, 17, 20 തിയ്യതികളിൽ SLMC അംഗങ്ങളെ മറ്റുഡ്യൂട്ടികളിൽ നിന്നും ഒഴിവാക്കിക്കൊണ്ട് Apex Committee നിർദ്ദേശം നൽകി.

ചീഫ് എഞ്ചിനിയർ, ജലസേചനവും ഭരണവും

ചീഫ് എഞ്ചിനിയർ, പ്രൊജക്ട് - 1

ചീഫ് എഞ്ചിനിയർ, പ്രൊജക്ട് - 2

ചീഫ് എഞ്ചിനിയർ, IWT & Kuttanad package

ചീഫ് എഞ്ചിനിയർ, ഐ.ഡി.ആർ.ബി

ചീഫ് എഞ്ചിനിയർ, മെക്കാനിക്കൽ